# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി4/1252/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-42,1-43,1-44 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി4/1252/23 തീയ്യതി: 25/09/2023

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2023 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2) ശ്രീ.ഷിജു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
3) ശ്രീമതി.രാജിമ.എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ.
4) ശ്രീ.ശ്രീനാഥ്.വി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.സി.നസിയത്ത് ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഇബ്രാഹിം.എൻ.യു | സെക്രട്ടറി | 01-04-2022 | 12-01-2023 |
| ശ്രീ.ജിതേഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 21-02-2023 |
| ശ്രീ.പ്രേം നിർമ്മൽ.എസ്.പി | സെക്രട്ടറി | 22-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകുമാർ.ടി.വി | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീമതി.അശ്വതി.പി.വി | കൃഷി ഓഫീസർ | 05-08-2022 | 31-10-2022 |
| ശ്രീമതി.ജിൻസി | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |
| ശ്രീ.സുമേഷ്.വി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-07-2022 |
| ശ്രീ.അക്ഷയ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 31-07-2022 | 31-03-2023 |
| ഡോ.അങ്കിത.എ.എസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ജലാലുദ്ദീൻ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ ജോസ് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനശ്രീ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 24-01-2023 |
| ശ്രീമതി.പ്രഭാവതി.പി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-01-2023 | 31-03-2023 |
| ഡോ.ഷൈനി.എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ.പത്മനാഭൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ.ജയകുമാർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി(ഹെഡ് ക്ലാർക്കിന് അധികചുമതല) | 21-10-2022 | 08-11-2022 |
| ശ്രീ.ജിതേഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 09-11-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.മനു മാത്യു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി,ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. | 1-1-3 |
| 5 | അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 1-1-4 |
| 6 | സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല | 1-1-5 |
| 7 | ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 5,000/- രൂപ തിരിച്ചു പിടിക്കാൻ ബാക്കിയുണ്ട് | 1-1-6 |
| 8 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ മുൻ വർഷത്തെ തുക തന്നെയാണ് ചേർത്തിട്ടുള്ളത് . | 1-1-7 |
| 9 | വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല | 1-1-8 |
| 10 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ജി എസ് റ്റി - റ്റി ഡി എസ് ചെയ്യാതെ ബിൽ തുക നൽകി | 1-6-1 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | കമ്മിറ്റികളുടെ പ്രവർത്തനം | 1-10 |
| 21 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല | 1-11 |
| 22 | ഗ്രാമസഭ | 1-12 |
| 23 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കുന്നത് - അപാകങ്ങൾ | 1-13 |
| 24 | രശീത് ബുക്ക് അപാകതകൾ | 1-14 |

| | | |
|---|---|---|
| 25 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-15 |
| 26 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച്. | 1-16 |
| 27 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല | 1-17 |
| 28 | ഇ-ടെണ്ടർ ടെണ്ടർ ഫീ കുടിശ്ശിക ₹1,13,500 ലഭിച്ചിട്ടില്ല | 1-18 |
| 29 | ലൈഫ് മിഷൻ വായ്പ ₹ 8,29,905 അധികം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് തിരികെ ലഭിച്ചിട്ടില്ല | 1-19 |
| 30 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല. | 1-20 |
| 31 | ജി ഐ എസ് പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല. | 1-21 |
| 32 | A B C പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹50,000 തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | സ്മാർട്ട് ഐ ഫേസ്-1 - ലക്ഷ്യം കൈവരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,77,000 തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | കുടിവെള്ള പദ്ധതിയ്ക്ക് ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.₹6,13,100 തടസ്സപ്പെടുത്തുന്നു | 1-24 |
| 35 | സ്ട്രീറ്റ് മെയിൻ വലിക്കൽ,ലൈൻ ദീർഘിപ്പിക്കൽ കെ എസ് ഇ ബിയ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.₹6,70,311 തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം | 1-26 |
| 37 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-27 |
| 38 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി അപാകങ്ങൾ | 1-28 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-29 |
| 40 | സാന്ത്വന പരിചരണം പരിരക്ഷ - മരുന്നുകളും ഉപകരണങ്ങളും മുഴുവനായും ലഭ്യമായില്ല ₹83,327യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 41 | ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ മരുന്നും ഉപകരണങ്ങളും വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല ₹23015യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 42 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - ₹200000 തടസ്സപ്പെടുത്തുന്നു | 1-32 |
| 43 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹130000 തടസ്സപ്പെടുത്തുന്നു. | 1-33 |
| 44 | ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി സബ്സെന്ററിൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല ₹26,257 തടസ്സപ്പെടുത്തുന്നു. | 1-34 |
| 45 | അന്ധവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പ് ലഭ്യമായില്ല - ചെലവ് തുക ₹96552 തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| 46 | ഹൈടെക് അങ്കണവാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹300000 തടസ്സപ്പെടുത്തുന്നു | 1-36 |
| 47 | വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (പട്ടികജാതി)- സബ്സിഡി തുകയിൽ അധികരിച്ച് നൽകിയ ₹34544 നിരാകരിക്കുന്നു. ₹100000 തടസ്സപ്പെടുത്തുന്നു | 1-37 |
| 48 | വി ഇ ഒ ഓഫീസിലേക്ക് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹44,855 തടസ്സപ്പെടുത്തുന്നു. | 1-38 |
| 49 | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-ചെലവ് തുക ₹150000 തടസ്സപ്പെടുത്തുന്നു. | 1-39 |
| 50 | ഹരിത കർമ്മസേനയ്ക്ക് ക്യാരി ബാഗ് വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-ചെലവ് തുക ₹64568 തടസ്സപ്പെടുത്തുന്നു | 1-40 |
| 51 | ബയോ കമ്പോസ്റ്റ് ബിൻ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹568000 തടസ്സപ്പെടുത്തുന്നു | 1-41 |
| 52 | ഹരിത കർമ്മസേന അംഗങ്ങൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങൽ -രേഖകൾ ലഭ്യമാക്കിയില്ല ചെലവ് തുക ₹1,36,900 തടസ്സപ്പെടുത്തുന്നു | 1-42 |
| 53 | വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- ചെലവ് തുക ₹184974 തടസ്സപ്പെടുത്തുന്നു - | 1-43 |
| 54 | ലൈഫ് മിഷൻ ഭവന പദ്ധതി -പൊതു അപാകങ്ങൾ | 1-44 |
| 55 | ഭവനപുനരുദ്ധാരണം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹375000 തടസ്സപ്പെടുത്തുന്നു | 1-45 |
| 56 | ബഡ്സ് സ്കൂൾ പ്രവർത്തനം - ഇ ടെണ്ടർ നടപടിക്രമം പാലിച്ചില്ല | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ-സബ്സിഡിയിനത്തിൽ അധികം നൽകിയ ₹34,544 നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 27.06.2023ലെ 01/01/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
25-09-2023.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. അക്കൗണ്ടിംഗ് ചട്ടപ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ആസ്തി,ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-3 ബാലൻസ് ഷീറ്റ് പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

## 1-1-4 അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

ബി4 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 1061 രൂപ ബാങ്കിൽ ക്രഡിറ്റ് ചെയ്യപ്പെട്ട, ഐഡന്റിഫൈ ചെയ്യാൻ സാധിക്കാത്ത തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-5 സ്റ്റെയിൽ ചെക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഇനത്തിൽ (350800101) 5000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം മുതലുള്ള വാർഷിക ധനകാര്യ പത്രികകളിലും പ്രസ്തുത തുക ഈ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും മൂന്നുവർഷ കാലാവധി കഴിഞ്ഞതിനാൽ മേൽ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## 1-1-6 ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 5,000/- രൂപ തിരിച്ചു പിടിക്കാൻ ബാക്കിയുണ്ട്

ബി18 ഷെഡ്യൂളിൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 5000/- രൂപ തിരിച്ചു പിടിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും പ്രസ്തുത തുക ഈ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് വിദ്യാഭ്യാസ വകുപ്പിലേക്ക് ട്രാൻസ്ഫർ ആയ ശ്രീ ഹരിപ്രസാദ് സി എന്നവരിൽ നിന്നാണ് 5000/- രൂപ ഫെസ്റ്റിവൽ അലവൻസ് ലഭിക്കാനുള്ളതെന്നും ആയത് ടിയാന്റെ ശമ്പളത്തിൽ നിന്ന് ഡിഡക്റ്റ് ചെയ്ത് ഒടുക്കിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ബി 18 ഷെഡ്യൂളിൽ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തിയ തുക അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-7 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ മുൻ വർഷത്തെ തുക തന്നെയാണ് ചേർത്തിട്ടുള്ളത് .

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ B-11(b) ഷെഡ്യൂളിൽ മുൻ വർഷത്തെ (തുക) ₹44,17,504 തന്നെയാണ് ചേർത്തിട്ടുള്ളത്.

## 1-1-8 വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല

നഗരസഞ്ചയ ഗ്രാന്റിനത്തിൽ മുന്നിരിപ്പുള്ള ₹2,50,224 ചെലവഴിക്കുകയോ വിനിയോഗിക്കാൻ കഴിയാത്ത തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

## 1-1-9 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 14,13,621/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47,74,678/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനം നമ്പർ/തീയതി | 31.03.2022 അജണ്ട 1 തീരുമാനം 29/22 | |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം നമ്പർ, തീയതി | 10.03.2023 അജണ്ട 1 തീരുമാനം 12/23 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 18,14,920.00 | 43,08,422.00 |
| വരവ് | 21,24,48,300.00 | 20,82,63,300.00 |
| ആകെ | 21,42,63,220.00 | 21,25,71,722.00 |
| ചെലവ് | 21,17,25,200 .00 | 20,82,03,200.00 |
| നീക്കിയിരിപ്പ് | 25,38,020 .00 | 43,68,522 .00 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 99,68,666 .00 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,18,88,867.00 |
| ആകെ | 3,18,57,533 .00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,33,02,488.00 |
| നീക്കിയിരിപ്പ് | 85,55,045 .00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34,544.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,16,859.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 87,79,000 | 87,79,000 | 8528379 | 250621 |
| വികസന ഫണ്ട് എസ്.സി.പി | 0 | 3,70,358 | 3,70,358 | 3,70,358 | 0 |
| മെയിന്റനൻസ് റോഡ് | 0 | 6321000 | 6321000 | 4979317 | 1341683 |
| മെയിന്റനൻസ് നോൺറോഡ് | 0 | 4570000 | 4570000 | 4570000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 8,21,496 | 2375568 | 31,97,064 | 2074250 | 1122814 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 1,68,466 | 16,24,808 | 17,93,274 | 17,65,228 | 28,046 |
| എംജിഎൻആർ ഭരണ ചെലവ് | 2269 | 514523 | 516792 | 514225 | 2567 |

| | | | | | | |
|---|---|---|---|---|---|---|
| ഇജിഎസ് | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ ചെലവ് | 0 | 1,20,79,684 | 1,20,79,684 | 1,20,79,684 | 0 |
| ഐസിഡിഎസ് | | 402875 | 1033488 | 1436363 | 986819 | 449544 |
| എം പി ഫണ്ട് | | 3883 | 114 | 3997 | 0 | 3997 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 10,73,085 | 31,459 | 11,04,544 | 0 | 11,04,544 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് – പരിശീലനം | | 7,69,288 | 4,976 | 7,74,264 | 4976 | 7,69,288 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് (കുടുംബശ്രീ) | | 1250000 | 0 | 1250000 | 1051698 | 198302 |
| ശുചിത്വം | | 496813 | 441402 | 938215 | 441402 | 496813 |
| നഗരസഞ്ചയ ഗ്രാന്റ് | | 2,50,224 | 4,15,000 | 6,65,224 | 4,15,000 | 2,50,224 |
| ഹെൽത്ത് ഗ്രാന്റ് | | 0 | 81,142 | 81,142 | 76,923 | 4219 |
| സാക്ഷരത | | 1,935 | 116 | 2,051 | 0 | 2,051 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് – ഹെൽത്ത് ഗ്രാന്റ് – പി എച്ച് സി അടിസ്ഥാന സൗകര്യ വികസനം | | 0 | 1,80,476 | 1,80,476 | 60,134 | 1,20,342 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 162 | 127 | 9,34,52,618 | 118 | 6 | 35 | 3,1704,281 | 75 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ | അടങ്കൽ വെച്ച പദ്ധതികളുടെ എണ്ണം | ചെലവ് | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 70,63,517 | 34 | 45,07,589 | 28 | 64 |
| കൃഷി ഓഫീസർ | 9,24,100 | 7 | 9,20,688 | 7 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1,87,74,556 | 61 | 1,10,81,125 | 46 | 59 |
| വെറ്റിനറി സർജൻ | 13,19,999 | 9 | 12,48,290 | 9 | 95 |
| വി ഇ ഒ | 5,64,35,841 | 17 | 69,01,557 | 15 | 12 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1,00,000 | 1 | 85,000 | 1 | 85 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 41,78,465 | 12 | 38,36,270 | 8 | 92 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 7,55,203 | 6 | 6,86,666 | 5 | 91 |
| മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 18,55,833 | 8 | 12,61,540 | 6 | 68 |
| അസിസ്റ്റന്റ് സെക്രട്ടറി | 20,45,104 | 7 | 11,75,556 | 2 | 57 |
| | 9,34,52,618 | 162 | 3,1704,281 | 127 | 34 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് ശതമാനം കേവലം 12% മാത്രമാണ്.

ലൈഫ് മിഷൻ ഭവന പദ്ധതി നിർവ്വഹണത്തിലാണ് കുറഞ്ഞ ചെലവുണ്ടായിട്ടുള്ളത്. പദ്ധതികൾക്കായി അടങ്കൽ വെച്ച വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ടെങ്കിലും, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയിൽ വളരെ കുറഞ്ഞ ചെലവാണ് ഉണ്ടായിട്ടുള്ളത്. ആവശ്യമായ ഫണ്ട് ലഭ്യമാക്കി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 2,269 | 5,14,523 | 5,16,792 | 5,14,225 | 2,567 |
| തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ ചെലവ് | 0 | 1,20,79,684 | 1,20,79,684 | 1,20,79,684 | |
| ആകെ | | 12594207 | 12596476 | 12593909 | 2567 |

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1498 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 851 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 140 പേർക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. ലേബർ ഗ്രാമസഭ കൂടിയിട്ടുണ്ട്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് @4000 നൽകിയ കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം ബോർഡ് സ്ഥാപിച്ചിട്ടില്ല. ആയത് ശരിയായ നടപടിയല്ല.

### 1-6-1 ജി എസ് റ്റി - റ്റി ഡി എസ് ചെയ്യാതെ ബിൽ തുക നൽകി

2017ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ.ജി.എസ്-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസ് ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/സപ്ലയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/- രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കു വരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 873600 | 78 |
| തൊഴിൽരഹിത വേതനം | 10680 | 17 |
| വിധവാ പെൻഷൻ | 7378800 | 663 |
| വാർദ്ധക്യകാല പെൻഷൻ | 9033800 | 866 |
| വികലാംഗ പെൻഷൻ | 2340600 | 219 |
| അവിവാഹിത പെൻഷൻ | 56000 | 5 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2023 തീയതിയിൽ ഉച്ചക്ക് 3.40 മണിക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ (ഇൻ-ചാർജ്) സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,619/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം 6/22, 8/22 എന്നീ മാസങ്ങളിലൊഴികെ ബാക്കി എല്ലാമാസവും വിളിച്ചു ചേർത്തിട്ടുണ്ട്. "ഐ.എൽ.ജി.എം.എസ്"ന്റെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തുവാനായി സ്റ്റാഫ് മീറ്റിംഗിൽ നിർദ്ദേശം വച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇൻകുമ്പൻസി രജിസ്റ്ററിൽ ജീവനക്കാർ ജോലിയിൽ പ്രവേശിച്ചത്, വിടുതൽ ചെയ്തത്, സ്ഥാനക്കയറ്റ തീയതി തുടങ്ങിയ കോളങ്ങൾ പൂർണ്ണമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല.

ലഭ്യമായ ഗ്രാന്റ്, പരമാവധി ചെലവഴിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച സ്പെസിഫിക് പർപ്പസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. കാലിക പ്രശ്നമായ തെരുവ്നായശല്യ പരിഹാരത്തിനായി A B C പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ പോലുള്ള പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ (ഉദാ: വി ഇ ഒ) പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ സ്ഥാപന അധികാരികളുടെ സത്വര ശ്രദ്ധയ്ക്ക് വിധേയമാക്കിയിട്ടില്ല.

## 1-10 കമ്മിറ്റികളുടെ പ്രവർത്തനം

പതിനാലാം പഞ്ചവത്സര പദ്ധതി (2022-23 മുതൽ 2026-27 വരെ) യുടെ ഒന്നാം വർഷം 2022-23 മുതൽ ആരംഭിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം എസ്)നം.84/2022 /തസ്വഭവ തീയതി 19.04.2022 പ്രകാരവും സബ്സിഡി ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് എംഎസ് നം.115/2022/തസ്വഭവ തീയതി 28.05.2022 പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

17 അംഗങ്ങളെ ഉൾപ്പെടുത്തി ആസൂത്രണ സമിതി 4.1.22ന് പുനസംഘടിപ്പിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി 4 തവണ ഇക്കാലയളവിൽ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടിപ്പിച്ചതിന്റെ വിവരം ലഭ്യമല്ല. 2022-23 കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി കൂടിയിട്ടില്ല. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും തൻവർഷം 2 യോഗങ്ങൾ കൂടിയിട്ടുണ്ട്. കരട് പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ/ചെയർമാൻ/ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി $15^{th}$ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ ചർച്ചകൾക്കായി വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവ 01/22ൽ യോഗം ചേർന്നിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ വികസന സെമിനാർ 10.6.2022ന് കൂടിയിട്ടുണ്ട്. ഈ യോഗത്തിൽ 123 പേർ പങ്കെടുത്തിട്ടുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഗ്രാമസഭകളിൽ നിന്നും വന്ന പദ്ധതി നിർദ്ദേശങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്യുകയും അന്തിമ പദ്ധതിക്കായി ഭരണ സമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വികസന രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. 2022-23 വർഷത്തിൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടന്നതായി കാണുന്നില്ല. എല്ലാ മേഖലയിലും നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി വിലയിരുത്തിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും

മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പു വരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക എന്ന ഉത്തരവാദിത്വം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

## 1-12 ഗ്രാമസഭ

2023-24 വർഷത്തെ പദ്ധതി ഗുണഭോക്തൃ ഗ്രാമസഭ നടക്കുന്നതിനാൽ ഗ്രാമസഭ മിനുട്ട്സുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-13 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കുന്നത് - അപാകങ്ങൾ

31.10.2017ന് പ്രാബല്യത്തിൽ വന്ന സ.ഉ.(പി)നം.80/2017, കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ/അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/25.07.2023) മറുപടിയായി വാർഡ് ക്ലർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കിയാണ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് ക്ലർക്കിന്റെ റിപ്പോർട്ടും ആയത് പ്രകാരം നിശ്ചയിക്കപ്പെടുന്ന ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-14 രശീത് ബുക്ക് അപാകതകൾ

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് 2022-23 സാമ്പത്തിക വർഷം 2430, 2434 എന്നീ നമ്പരുകളിലുള്ള രശീത് ബുക്കുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത രശീത് ബുക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) രശീതുകൾ പ്രകാരം വരവ് വന്ന തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി കളക്ഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല.

2) രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല.

3) ബയോ കമ്പോസ്റ്റ് ബിൻ വാങ്ങൽ പദ്ധതിയുടെ ഭാഗമായി (16/23) 56800/- രൂപ ഗുണഭോക്തൃ വിഹിതം (ഒരാളിൽ നിന്ന് 284/- രൂപ) ഇനത്തിൽ ശേഖരിച്ചിട്ടുണ്ട്. എന്നാൽ രശീതി ബുക്ക് നമ്പർ 2434/5 നമ്പർ രശീതി ക്യാൻസൽ ചെയ്തതായും 2434/94 രശീതിയിൽ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാത്തതായും അതിന്റെ ഡ്യൂപ്ലിക്കേറ്റ് ബുക്കിൽ നിന്നും മാറ്റിയതായും കാണുന്നു. ആയത് പ്രകാരം 198 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം 56232/- രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. എന്നാൽ 27-03-23 തീയതിയിൽ ഗ്രാമപഞ്ചായത്തിന്റെ രശീതി നമ്പർ 1220103976/G130402 പ്രകാരം 56800/- രൂപ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കളുടെ വിഹിതം പിരിച്ചെടുത്ത രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) 2011-ലെ കേരള പഞ്ചായത്ത്‌രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3)ൽ അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ വി.ഇ.ഒ രസീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/27.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക്

വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-15 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസറ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1) മുറികളുടെ വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല.

2) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/531, 2/280C നമ്പർ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/25.07.2023) മറുപടിയായി 2019 മുതൽ 2022 വരെയുള്ള കാലയളവിൽ കൊറോണ സാഹചര്യം നിലനിന്നതിനാലും കോവിഡ് വ്യാപനം മൂലം കച്ചവടം കുറവായതിനാൽ വാടക ഇനത്തിലുള്ള വർദ്ധനവ് ഒഴിവാക്കി തരണമെന്ന വാടകക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് ടി കാലയളവിൽ വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഭരണസമിതി യോഗ തീരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/531, 2/280 C നമ്പർ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് പല പ്രാവശ്യം ലേല പരസ്യം നൽകിയെങ്കിലും നിലവിലുള്ള നിരക്കിൽ ആരും തന്നെ ലേലം കൈക്കൊള്ളാൻ തയ്യാറാകാത്തതിനാലാണ് പ്രസ്തുത മുറികൾ വാടകയ്ക്ക് നൽകാൻ സാധിക്കാതിരുന്നതെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതു മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന, ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ 34/27.07.2023 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽനികുതി ഒടുക്കുവരുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ഒടുക്കാത്ത തൊഴിൽ നികുതി ഏതു പകുതിയിലേത് |
|---|---|
| ദേശമിത്രം എ എൽ പി എസ് | രണ്ടാം അർദ്ധ വർഷം |

മേൽ സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-18 ഇ-ടെണ്ടർ ടെണ്ടർ ഫീ കുടിശ്ശിക ₹1,13,500 ലഭിച്ചിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ ഫീ ₹35,360 ലഭിച്ചിട്ടുണ്ട്. എന്നാൽ2018-19മുതൽ 2021-22വരെ ₹1,13,500ലഭിക്കാനുണ്ട്. തുക ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

### 1-19 ലൈഫ് മിഷൻ വായ്പ ₹ 8,29,905 അധികം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് തിരികെ

ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി കൂടുതൽ തുക ലഭിച്ചതിനാൽ ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ തുകയുടെ ഒന്നാം ഗഡുവായ ₹461800 ആവശ്യമില്ലാത്തതിനാൽ 28-03-2019 ൽ തന്നെ തിരിച്ചടച്ചിരുന്നു. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ 2019-2020 സാമ്പത്തികവർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ തുക കുറവ് ചെയ്തുവരുന്നുണ്ട്.2022-23 വർഷം തിരിച്ചടച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | കുറവ് ചെയ്ത തുക | | | |
|---|---|---|---|---|
| | പൊതുവിഭാഗം-സാധാരണവിഹിതം | പ്രോജക്ട് നം. | എസ് സി പി | പ്രോജക്ട് നം. |
| 2022-23 | 1,38,617 .00 | 208/23 | 1,11,956 | 205/23 |
| | 51,333 .00 | 204/23 | | |

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പ്രോജക്ട് പ്രകാരം ജി ഒ പ്രോജക്ട് ആയി സ്രോതസ്സിൽ തൻവർഷം കുറവ് ചെയ്ത ₹3,01,906 കുറവ് ചെയ്തിട്ടുണ്ട്. 2019-20 മുതൽ 2022-23 വരെ ₹8,29,905 കുറവ് ചെയ്തിട്ടുണ്ട്. തുക തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/25.7.2023) സർക്കാരിലേക്ക് നിരന്തരം കത്തയച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

ജി.ഒ.(പി)നം.159/2021/ഫിൻ തീയതി 30.11.2021 പ്രകാരം 1.2.2022 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം | പേര്/തസ്തിക/അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ ₹ | ഒടുക്കേണ്ടത് ₹ |
|---|---|---|---|
| 1 | ശ്രീ.രാജേഷ്.എം.കെ,<br>അക്കൗണ്ടന്റ്<br>₹49000<br>(Date Of Birth ലഭ്യമായിട്ടില്ല ) | 500 | 800 |
| 2 | ശ്രീ.ഹാഷിബ്.കെ.ഷാ, ക്ലർക്ക്<br>₹36500 | 300 | 600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/27.07.2023) മറുപടിയായി ശ്രീ രാജേഷ് എം കെ, അക്കൌണ്ടന്റ് ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്ത് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിൽ ജോയിൻ ചെയ്തിട്ടുണ്ടെന്നും ടിയാന്റെ എസ് എൽ ഐ പ്രീമിയം തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഓഫീസിലേക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ശ്രീ ഹാഷിബ് കെ ഷാ, ക്ലർക്കിന്റെ എസ് എൽ ഐ പ്രീമിയം തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 ജി ഐ എസ് പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

സ.ഉ(അ)നം.156/2021/ധന തീയതി 26.11.2021 പ്രകാരം 1.12.2021 പ്രാബല്യത്തിൽ ജീവനക്കാരുടെ ജി.ഐ.എസ്. പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായായിട്ടാണ് ജി ഐ എസ് പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം. | പേര്/തസ്തിക/ശമ്പള സ്കെയിൽ/ അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ ₹ | ഒടുക്കേണ്ടത് ₹ |
|---|---|---|---|
| 1 | ശ്രീ ജിതേഷ് പി കെ | 800 | 1000 |

| | | | |
|---|---|---|---|
| | അസിസ്റ്റന്റ് സെക്രട്ടറി<br>55200-115300 (₹65200) | | |
| 2 | ശ്രീ വൽസലൻ എ കെ<br>സീനിയർ ക്ലർക്ക്<br>35600-75400 (₹50200) | 400 | 800 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/27.07.2023) മറുപടിയായി മേൽ ജീവനക്കാരുടെ ജി ഐ എസ് പ്രീമിയം തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 A B C പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ₹50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | A B C പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ-170/23 |
| അടങ്കൽ | ₹50,000<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹50,000 |
| ബിൽ നം. & തീയതി | 136/02.02.2023 |

സർക്കാർ ഉത്തരവ് (സാധാ)നം.2065/2022 തീയതി 23/08/22 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ A B C പദ്ധതിക്ക് വേണ്ടി ജില്ലാപഞ്ചായത്തിന് വിഹിതം കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്. ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് ഈയിനത്തിൽ മേൽ പറഞ്ഞ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള A/C N0.799011400000958 ലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ₹50,000 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സ്മാർട്ട് ഐ ഫേസ്-1 - ലക്ഷ്യം കൈവരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹1,77,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | സ്മാർട്ട് ഐ ഫേസ്-1, 188/23 |
| അടങ്കൽ | ₹1,77,000<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | ₹1,77,000 |
| ബിൽ നമ്പർ & തീയതി | 159/15.02.2023 |

കണ്ണൂർ ജില്ലയിലെ എല്ലാ പ്രദേശങ്ങളേയും CCTV സർവ്വെയിലൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് രൂപീകരിച്ച പ്രോജക്റ്റാണ് സ്മാർട്ട് ഐ ഫേസ്-1. ഈ പദ്ധതിക്ക് വേണ്ടി മേൽ പറഞ്ഞ തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള A/C N0.799011400000958ലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്റ്റിവിറ്റി സൗകര്യങ്ങളും ഒരു 4mp നെറ്റ് വർക്ക് ക്യാമറയും 300 VA പവർ ഓപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങളാണ് ഫേസ്-1 ൽ സ്ഥാപിക്കേണ്ടത്. ആദ്യഘട്ടത്തിൽ വിഹിതം കൈമാറിയ ഗ്രാമപഞ്ചായത്തുകളേയും തളിപ്പറമ്പ് ബ്ലോക്ക്

പഞ്ചായത്തിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ JSI–4470/2022 തീയതി 09.05.23 കത്തിൽ അറിയിച്ചിട്ടുണ്ട്.

2023-24 വർഷത്തിൽ സ്മാർട്ട് ഐ ഫേസ്-2ൽ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ക്യാമറകൾ സ്ഥാപിക്കേണ്ടതാണെന്നും ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതിയുടെ 444/22-23/ഡിപിസി/ഡിപിഒ/കെഎൻആർ തീയതി 13.01.23 കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 കുടിവെള്ള പദ്ധതിയ്ക്ക് ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.₹6,13,100 തടസ്സപ്പെടുത്തുന്നു

2022-23 വർഷം ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി (As Per ACR) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ബഡ്സ് സ്കൂളിന് സമീപം കുടിവെള്ളത്തിന് പമ്പ് സെറ്റ് -153/23 | ₹1,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,00,000 | 58/7/11/22 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ |
| 2 | കുന്നമ്മൽ കുടിവെള്ളത്തിന് പമ്പ് സെറ്റ് സ്ഥാപിക്കൽ -152/23 | ₹4,13,100 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹4,13,100 | 65/21/11/22 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ |
| 3 | പെരുവളത്ത് പറമ്പ് ലക്ഷം വീട് കോളനിയിൽ കുഴൽ കിണറും പമ്പ് സെറ്റും -190/23 | ₹1,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,00,000 | 180/23.02.23 ₹1,935<br>238/20.03.23 ₹98,065 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ |

മേൽ പറഞ്ഞ പ്രവൃത്തികൾ ഇതുവരെയായിട്ടും പൂർത്തിയായിട്ടില്ല. അതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അതിനാൽ ₹6,13,100 തടസ്സപ്പെടുത്തുന്നു. 2022-23 വർഷത്തെ മേൽ പ്രവൃത്തികൾ ഒഴികെ ബാക്കി 2021-22 വർഷം വരെ വിവിധ ഏജൻസികളെ ഏൽപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികളെല്ലാം പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-25 സ്ട്രീറ്റ് മെയിൻ വലിക്കൽ,ലൈൻ ദീർഘിപ്പിക്കൽ കെ എസ് ഇ ബിയ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.₹6,70,311 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി (As Per ACR) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 17/23 | ₹2,53,827 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,53,827 | 197/8.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെഎസ്ഇബി, ഇരിക്കൂർ |
| 2 | വിവിധ വാർഡുകളിൽ | ₹4,47,481 (ധനകാര്യ | ₹1,91,719 | 196/8.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ വലിക്കൽ-2022 148/23 | കമ്മീഷൻ ഗ്രാന്റ് ) | | | കെഎസ്ഇബി, ഇരിട്ടി |
| 3 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കുന്നതിന് കെഎസ്ഇ ബി ക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ-189/23 | ₹3,10,160 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹2,24,765 | 262/27.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെഎസ്ഇബി, ഇരിട്ടി |

മേൽ പറഞ്ഞ പ്രവൃത്തികൾ ഇതുവരെയായിട്ടും പൂർത്തിയായിട്ടില്ല. അതിനാൽ തുക വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 6,70,311/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ എസ് ഇ ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമക്കുന്നതായി കാണുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെക്കണമെന്നും കരാർ വെച്ചതിനു ശേഷമേ മുൻകൂർ നൽകാവൂ എന്നും പതിനാലാം പഞ്ചവത്സര പദ്ധതി സ.ഉ.(കൈ) നം. 84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 12(2)ൽ നിർദ്ദേശിച്ചിട്ടുണ്ട്. കരാർ ചമയ്ക്കാതെ തുക ഒടുക്കിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തി അവലോകനം

സർക്കുലർ നമ്പർ ഡിഎ.1/179/22/തസ്വഭവ തീയതി 10-07-2022 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ജി.ഡബ്ല്യു.എ. എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുമെന്നു കൂടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക വർഷാവസാനം തുക ഡെപ്പോസിറ്റ് ചെയ്യുന്നത് പൂർണ്ണമായും വിലക്കിയിട്ടുണ്ട്. 2022-23 വർഷം ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾ തൻവർഷം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/ പേര് | അടങ്കൽ | ചെലവ് | ബിൽ നം. & തീയതി (As Per ACR) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ 17/23 | ₹2,53,827 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹2,53,827 | 197/8.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ എസ് ഇ ബി-ഇരിക്കൂർ |
| 2 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ- 2022 148/23 | ₹4,47,481 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹1,91,719 | 196/8.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ എസ് ഇ ബി-ഇരിട്ടി |
| 3 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കുന്നതിന് കെ എസ് ഇ ബിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ-189/23 | ₹3,10,160 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹2,24,765 | 262/27.3.2023 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ എസ് ഇ ബി-ഇരിട്ടി |
| 4 | ബഡ്സ് സ്കൂളിന് സമീപം കുടിവെള്ളത്തിന് പമ്പ് സെറ്റ് -153/23 | ₹1,00,000 (ധനകാര്യ കമ്മീഷൻ | ₹1,00,000 | 58/7/11/22 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാന്റ് ) | | | കണ്ണൂർ |
| 5 | കുന്നമ്മൽകുടിവെള്ളത്തിന് പമ്പ് സെറ്റ് സ്ഥാപിക്കൽ -152/23 | ₹4,13,100 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹4,13,100 | 65/21/11/22 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ |
| 6 | പെരുവളത്ത് പറമ്പ് ലക്ഷം വീട് കോളനിയിൽ കുഴൽ കിണറും പമ്പ് സെറ്റും -190/23 | ₹1,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | ₹1,00,000 | 180/23.2.23 ₹1,935 + 238/20/3/2023 ₹98,065 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, കണ്ണൂർ |

മേൽ പറഞ്ഞ പ്രവൃത്തികൾ ഇതുവരെയായിട്ടും പൂർത്തിയായിട്ടില്ല. അതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

കരാർ ചമയ്ക്കുന്നില്ല

വിവിധ പ്രവൃത്തികൾക്കായി തുക കെ എസ് ഇ ബി ക്ക് ഡെപ്പോസിറ്റ് ചെയ്യുമ്പോൾ കെ എസ് ഇ ബി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമയ്ക്കുന്നില്ല. കെ ഡബ്ല്യു എ കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനവും, വൈദ്യുതി ബോർഡും തമ്മിൽ കരാർ വെച്ചതിനു ശേഷമേ മുൻകൂർ നൽകാവൂ എന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 12(2)d യിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 വർഷത്തെ മേൽ പ്രവൃത്തികൾ ഒഴികെ ബാക്കി 2021-22 വർഷം വരെ വിവിധ ഏജൻസികളെ ഏൽപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികളെല്ലാം പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. തൻവർഷത്തെ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-27 തനത് വരുമാന വർദ്ധനവ് -അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്.

ഇരിക്കൂർ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

1-04-2022 മുതൽ 31-03-2023 വരെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തതിന്റെയോ തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശിപാർശകൾ നൽകിയതിന്റേയോ വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ ഇല്ല. പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല. മാത്രമല്ല ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന്

സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശം പാലിച്ച് 25.05.2023ലെ എസ്.സി.1-1681/2023 പ്രകാരം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയോ സോഫ്റ്റ് വെയർ അപ്ഡേഷന് ചെയ്യുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് അനധികൃത കെട്ടിടങ്ങൾ, ഒരു മൊബൈൽ ഫോൺ ടവർ എന്നിവയ്ക്ക് വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു. കുടിശ്ശിക തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് മേൽ കെട്ടിട ഉടമകളുമായി കേസുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്,മരാമത്ത് കരാറുകാർ, മറ്റ് കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. സ.ഉ(പി) നം. 78/2017/തസ്വഭവ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം 14 എ പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്. |
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| പ്രൊജക്ട് നം. | 60/23 |
| അടങ്കൽ | ₹1,00,000 (₹50,000 - വികസന ഫണ്ട്, ₹25,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹25,000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയതി/തുക | BRN 22190552014300879513 തീയതി 08.12.2022 ₹45,709<br>BRN 22190552014300879527 തീയതി 08.12.2022 – ₹25,000<br>BRN 22190552014300879535 തീയതി 08.12.2022 – ₹10,000<br>BRN 22190552014300900760 തീയതി 13.12.2022 – ₹4,291 |

| | |
|---|---|
| | ആകെ - ₹85,000 |

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ, ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് മൂന്ന് രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. 06.10.2022ലെ പഞ്ചായത്ത് ഭരണസമിതിയുടെ 03/22 നമ്പർ തീരുമാന പ്രകാരം 30 ക്ഷീര കർഷകരെയാണ് പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1) അവസാന ഗഡു തുകയായ ₹4291 ഗുണഭോക്താക്കൾക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട മിൽക്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പരിശോധനയ്ക്ക് ലഭ്യമാക്കിയ മിൽക്ക് സ്റ്റേറ്റ്മെന്റ് ക്ഷീരോൽപാദക സഹകരണ സംഘം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) തുക അനുവദിച്ച ഗുണഭോക്താക്കൾ ഏത് ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവരാണെന്ന് വ്യക്തമല്ല.

4) ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) മാലതി കെ വി, ലക്ഷ്മി പി എൻ എന്നീ ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്ന തുകകൾ പരസ്പരം മാറിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ | മിൽക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം അളന്ന പാൽ (ലിറ്ററിൽ) | അനുവദിക്കേണ്ടിയിരുന്ന തുക | അനുവദിച്ച തുക (ആദ്യ 3 ബില്ലുകൾ പ്രകാരം) |
|---|---|---|---|---|---|
| 1 | മാലതി കെ വി | 0729101063424 | 1243 | ₹3729(1243x3) | ₹1592 |
| 2 | ലക്ഷ്മി പി എൻ | 0729101007178 | 531 | 1593 (531 X 3) | ₹3729 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/25.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നം. & പേര് | 104/23, പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹62500 (വികസന ഫണ്ട്)<br>₹62500 (ഗുണഭോക്തൃ വിഹിതം നേരിട്ട് ) |
| ചെലവ് | ₹62500 (വികസന ഫണ്ട്)<br>ബിൽ നമ്പർ 31/22-23 ₹62500 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ അഞ്ച് കർഷരുടെ അഞ്ച് കന്നുകുട്ടികൾക്ക് 30 മാസം തികയുന്നത് വരെയോ സബ്സിഡി തുക തീരുന്നത് വരെയോ കാലിത്തീറ്റ, സബ്സിഡി നിരക്കിൽ നൽകുന്നതാണ് പദ്ധതി. കാലിത്തീറ്റ വിതരണം ചെയ്യാൻ "കുളിഞ്ഞ" ക്ഷീരോത്പാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (TSB A/c No.719011400000003) ₹62500 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (43/27-7-23) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടന്നു കൊണ്ടിരിക്കയാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന് ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-30 സാന്ത്വന പരിചരണം പരിരക്ഷ - മരുന്നുകളും ഉപകരണങ്ങളും മുഴുവനായും ലഭ്യമായില്ല ₹83,327യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സി എച്ച് സി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 3/23 |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന പരിചരണം പരിരക്ഷ |
| അടങ്കൽ – ₹7,00,000 | വികസന ഫണ്ട് (പൊതു വിഭാഗം) ₹350000<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹350000 |
| ചെലവ് | ₹526424<br>ബിൽ നമ്പർ2/26-8-22<br>₹141240 (വികസന ഫണ്ട്-ജനറൽ)<br>ബിൽ നമ്പർ 6/22-12-22<br>₹117447 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ബിൽ നമ്പർ 7/18-1-22<br>₹41175 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ബിൽ നമ്പർ 11/25-2-23<br>₹35895 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ബിൽ നമ്പർ 12/25-2-23<br>₹177426 (വികസന ഫണ്ട്-ജനറൽ)<br>ബിൽ നമ്പർ 17/20-3-23<br>₹5331 (വികസന ഫണ്ട്-ജനറൽ)<br>ബിൽ നമ്പർ 18/19-3-23<br>₹7910 (വികസന ഫണ്ട്-ജനറൽ) |

മേൽകാണിച്ച ബില്ലുകളിൽ ബിൽ നമ്പർ 12 പ്രകാരം താഴെ കാണിച്ച പ്രൊഫോർമ ഇൻവോയ്സുകൾ അനുസരിച്ച് ₹176675 KMSCL ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | ലഭ്യമായ മരുന്നിന്റെ വിവരം | തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ/ ഉപകരണങ്ങളുടെ വിവരം |
|---|---|---|---|---|
| PRF 3728<br>Dt 19-1-23 | 76149 | ഇൻവോയ്സ് നമ്പർ 7216 Dt 02-06 -23 | 29294 | 46855 |
| PRF 4374<br>Dt 10-2-23 | 100526 | ഇൻവോയ്സ് നമ്പർ 26643 Dt. 09-03-23 | 16659 | 36472 |
| | | ഇൻവോയ്സ് നമ്പർ 6413 Dt. 27-05 -23 | 25659 | |
| | | ഇൻവോയ്സ് നമ്പർ 7643 Dt. 3-6 -23 | 7791 | |
| | | ഇൻവോയ്സ് നമ്പർ 9542 Dt. 16-6 -23 | 13945 | |
| | | ആകെ | 83327 | |

₹93348യുടെ മരുന്നുകളും ഉപകരണങ്ങളും മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹83,327യുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/24-7-23) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ₹83,327യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-31 ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ മരുന്നും ഉപകരണങ്ങളും വാങ്ങൽ -മരുന്നുകൾ ലഭ്യമായില്ല ₹23015യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| പ്രോജക്ട് നമ്പർ | 2/23 |
| പ്രോജക്ടിന്റെ പേര് | ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ മരുന്നും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) 200000 |
| ചെലവ് | ₹199392<br>ബിൽ നമ്പർ 1/19-8-22 – ₹ 99857<br>ബിൽ നമ്പർ 4/21-11-22 – ₹59539<br>ബിൽ നമ്പർ 14/21-11-22 – ₹34029<br>ബിൽ നമ്പർ 16/20-3-23 – ₹5967 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ ₹150000യുടെ മരുന്നുകളും ₹50000യുടെ ഉപകരണങ്ങളും വാങ്ങാനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്. ആയതനുസരിച്ച് ബിൽ നമ്പർ 1/22-23 പ്രകാരം ₹14850യുടെ മരുന്നുകൾ ജൻ ഔഷധി കേന്ദ്ര, കരുവഞ്ചാൽ എന്ന സ്ഥാപനത്തിൽ നിന്നും ₹85007യുടെ മരുന്നുകൾ KMSCLൽ നിന്നും വാങ്ങുവാനായി തുക നൽകിയിട്ടുണ്ട്. ഇതിൽ KMSCLന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 739/20-7-22 പ്രകാരം KMSCLന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത ₹85007യുടെ മരുന്നുകളിൽ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ഇൻവോയ്സ് നമ്പർ | തുക ₹ |
|---|---:|
| 11699 Dt. 20-9-22 | 2,016 |
| 11703 Dt. 20-9-22 | 14,885 |
| 12095 Dt. 26-9-22 | 12,040 |
| 23722 Dt. 21-1-23 | 19,958 |
| 1825 Dt. 5-5-23 | 2,830 |
| 1833 Dt. 5-5-23 | 3,556 |
| 6704 Dt. 30-5-23 | 1,213 |
| 6733 Dt. 30-5-23 | 4,704 |
| 6797 Dt. 31-5-23 | 790 |
| ആകെ | ₹61,992 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/24-7-23) ലഭ്യമാക്കിയ മറുപടിയിൽ ബാക്കി ₹23015യുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ₹23015യുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകളുടെ വിവരം ചേർത്ത സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല - ₹200000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ |
| പ്രോജക്ട് നമ്പർ | 76/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ₹200000 |
| ചെലവ് | ₹200000<br>ബിൽ നമ്പർ 50/26-12-22 – ₹150000<br>ബിൽ നമ്പർ 66/28-3-23 – ₹50000 |

മേൽകാണിച്ച ബില്ലുകൾ പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ₹200000 ചെലവഴിച്ചിട്ടുണ്ട്. ഹോംകോവിന്റെ താഴെ പറയുന്ന പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് മേൽ തുക ഹോംകോവിന്റെ മാനേജിങ്ങ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്.

ഇൻവോയ്സ് നമ്പർ PF953 Dt 3-12-22 – ₹150000

ഇൻവോയ്സ് നമ്പർPF1350 Dt 25-3-23 – ₹50000

മേൽ ഇൻവോയ്സ് പ്രകരമുള്ള തുക അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/24-07-23) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക ₹200000 തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമായാൽ പ്രൊഫോർമ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-33 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹130000 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം മഴക്കാലപൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, CHC യുടെ പേരിൽ ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| വൗച്ചർ നം.22200109/25.05.2022 | ₹130000 |

ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/27.07.2023) മറുപടിയായി തുകയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ലഭ്യമാക്കിയിട്ടുണ്ട്. 13 വാർഡുകൾക്ക് @₹10000 നല്കിയതിന്റെ പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവയും ചെലവ് വിവരങ്ങളും ഹാജരാക്കാത്തതിനാൽ ₹130000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി സബ്സെന്ററിൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല ₹26,257 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| പ്രോജക്ട് നമ്പർ | 169/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയുടെ സബ്സെന്ററിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ |
| അടങ്കൽ | ഹെൽത്ത് ഗ്രാന്റ് – ₹80000 |
| ചെലവ് | ₹76923<br>PFMS പേയ്മെന്റ് അഡ്വൈസ് നമ്പർ CO32329905492<br>Dt. 13-3-23 |

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പെരുവളത്ത് പറമ്പ് കുടുംബക്ഷേമ ഉപകേന്ദ്രം വെൽനസ്സ് സെന്റർ ആക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി പെരുവളത്ത് പറമ്പ് കുടുംബക്ഷേമ ഉപകേന്ദ്രം ജെ പി എച്ച് എൻ നൽകിയ മെഡിക്കൽ ഉപകരണങ്ങളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമായ പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF 4793 Dt 25-2-23 പ്രകാരം ₹76923 KMSCLന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് ക്യാഷ് ഇൻവോയ്സ് നമ്പർ 3290 Dt. 30-6-23 പ്രകാരം ₹50666യുടെ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ജെപിഎച്ച്എൻ മേൽപ്രവർത്തനങ്ങൾക്കായി 12 മെഡിക്കൽ ഉപകരണങ്ങൾ ആവശ്യമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ KMSCLൽ നിന്ന് പ്രൊഫോർമ ഇൻവോയ്സ് അയച്ചു തരാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മേൽകാണിച്ച PRF 4793 Dt.25.02.23 ഇൻവോയ്സ് പ്രകാരം 5 ഉപകരണങ്ങളുടെ വില വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കിയുള്ള 7 ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാനും ഹെൽത്ത് & വെൽനെസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ13/24-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹26,257യുടെ ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹26257 തടസ്സപ്പെടുത്തുന്നു. ഹെൽത്ത് & വെൽനെസ് പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച് പദ്ധതി മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകളും വിശദമായ മറുപടിയും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 അന്ധവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പ് ലഭ്യമായില്ല - ചെലവ് തുക ₹96552 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 89/23 |
| പ്രോജക്ടിന്റെ പേര് | അന്ധവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണം | ഐ സിഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹100000 – വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹96552<br>ബിൽ നമ്പർ 17/25-1-23 |

അന്ധവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പദ്ധതിയിൽ ഗുണഭോക്താക്കളായ വിജയ്, ഫാത്തിമത്തുൽ ഹിബ എന്നിവർക്ക് നൽകാനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 44902/20-1-23,4452/18-1-23 എന്നിവ പ്രകാരം രണ്ട് ലാപ്ടോപ്പുകളുടെ വിലയായ ₹96552 കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്റർ, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നമ്പർ 115/22/തസ്വഭവ 28-5-22 ഖ.7-1 (ഡി) പ്രകാരം കാഴ്ച കുറഞ്ഞവർക്ക് ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഇവയ്ക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകൾ, ടോക്കിംഗ് & ഹിയറിങ്ങ് സോഫ്റ്റ്‌വെയർ ഉള്ള ലാപ്ടോപ്പ് മറ്റ് അനുബന്ധ ഉപകരണങ്ങളും നൽകാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെൽട്രോണിൽ നിന്ന് വാങ്ങുന്ന ലാപ്ടോപ്പുകൾ ടോക്കിംഗ് & ഹിയറിങ്ങ് സോഫ്റ്റ്‌വെയർ ഉള്ളതും ബ്രെയിലി അറ്റാച്ച്മെന്റുകൾ ഉള്ളതും ആണോ എന്നത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/26-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ ₹96552 തടസ്സപ്പെടുത്തുന്നു. കൃത്യമായ മറുപടിയും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ഹൈടെക് അങ്കണവാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹300000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സിഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | 100/23 |
| പ്രോജക്റ്റിന്റെ പേര് | ഹൈടെക് അങ്കണവാടി |
| അടങ്കൽ | ₹300000 – മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | ₹300000<br>ബിൽ നമ്പർ 22/17-3-23 |

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന് കീഴിലെ അങ്കണവാടികളെ ഹൈടെക് ആക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതി പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ മൂന്ന് അങ്കണവാടികളെ ഹൈടെക് ആക്കുന്നതിനാവശ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും ഒരുക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ആറ് ടെണ്ടറുകളിൽ ഓർഡിയന്റ് എൻർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 27-12-22 തീയതിയിലെ 5/26/22 നമ്പർ തീരുമാനം അനുസരിച്ച് അംഗീകരിച്ചു .പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) ടെണ്ടർ അംഗീകാരത്തിനായി സമർപ്പിച്ച ലഭ്യമായ ടെണ്ടറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ടെണ്ടർ ക്ഷണിച്ച 16 ഐറ്റത്തിനും ചേർത്ത് ആകെ ക്വാട്ട് ചെയ്ത തുക ഓർഡിയന്റ് എന്റർപ്രൈസസിനെക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത മറ്റ് രണ്ട് സ്ഥാപനങ്ങൾ (ഫോർകിഡ്സ്- ₹44879.75, ഫിഡ്കോ ₹51778) എന്നിങ്ങനെ ഉണ്ടായിരുന്നിട്ടും ₹52621 ക്വാട്ട് ചെയ്ത ഓർഡിയന്റ് എന്റർപ്രൈസസിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല. 15 ഐറ്റത്തിൽ ഏറ്റവും വില കൂടിയ മെറിഗോ റൗണ്ട് – 4 Seaterന് "ഫോർകിഡ്സ്" ₹18200യും "ഫിഡ്കോ" ₹17442യുമാണ് ക്വാട്ട് ചെയ്തത്. ₹28,900 ആണ് "ഓർഡിയന്റ് എന്റർപ്രൈസസ്" ക്വാട്ട് ചെയ്ത വില. ഇത്തരം മൂന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. മുഴുവൻ സാധനങ്ങളുടെയും എണ്ണം കൂടി കണക്കിലെടുത്ത് ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഏറ്റവും കുറഞ്ഞ നിരക്ക് വരുന്നത് ഏതിനാണെന്ന് പരിശോധിച്ചിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി യോഗം ചേർന്ന് കളിയുപകരണങ്ങളുടെ വില, ഗുണനിലവാരം എന്നിവ പരിശോധിച്ചിട്ടില്ല

2) ഓർഡിയന്റ് എന്റർപ്രൈസസിന് നൽകിയ 06-01-23 തീയതിയിലെ വർക്ക് ഓർഡറിൽ സാധനങ്ങൾ/പ്രവൃത്തികൾ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ വിതരണം ചെയ്യേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടി C NO. 64, 69, 73 എന്നിവയാണ് ഹൈടെക്ക് ആക്കിയത് എന്നാണ് സൂപ്പർവൈസർ നൽകിയ മറുപടി. വർക്ക് ഓർഡറിൽ ഏത് അങ്കണവാടികൾ എന്ന് വ്യക്തമാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3) ഓർഡിയന്റ് എന്റർപ്രൈസസിന്റെ ഇൻവോയ്സ് നമ്പർ 140/15-02-23 പ്രകാരം ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

ഫ്ലോറിങ്ങ്, പെയിന്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും മറ്റ് ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിശദവിവരം, പ്രൊജക്റ്റ് മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/26-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ചെലവ് തുക ₹300000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സവാദങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (പട്ടികജാതി)-സബ്സിഡി തുകയിൽ അധികരിച്ച് നൽകിയ ₹34544 നിരാകരിക്കുന്നു. ₹100000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 98/23 |
| പ്രോജക്റ്റിന്റെ പേര് | വീടിന്റെ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ (പട്ടികജാതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹150000 വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | ₹134544<br>₹50,000 ബിൽ നമ്പർ 7/18-11-22<br>₹84,544 ബിൽ നമ്പർ 12/28-12-22 |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ട ശ്രീമതി.പ്രേമ.സി എന്ന ഗുണഭോക്താവിന് മേൽ ബില്ലുകൾ പ്രകാരം ₹1,34,544 നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ

സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28/05/2022 ഖ 6-7 (3) പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിക്ക് പട്ടികജാതി വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹1,00,000യാണ്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. 100ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ/മറ്റ് വകുപ്പുകളുടെ ധനസഹായത്തോടെ നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം, ബന്ധപ്പെട്ട എഞ്ചിനീയർ/ഓവർസീയർ മൂല്യനിർണ്ണയം നടത്തണം എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഗുണഭോക്താവിന്റെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിലെ അഡ്രസ്സ് പ്രേമവല്ലി സി, വലിയ പറമ്പത്ത്,19, പെരുവളത്ത് പറമ്പ എന്നും വരുമാന സർട്ടിഫിക്കറ്റിലെ അഡ്രസ്സ് പ്രേമ സി, ചന്ദ്രാത്തിൽ ഹൗസ്, ഫറൂഖ് നഗർ, പെരുവളത്ത് പറമ്പ് എന്നും ആണ്. ഇത് ഒരാൾ തന്നെ ആണെന്നുള്ള സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ പദ്ധതിക്ക് പട്ടികജാതി വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി ₹1,00,000യാണ്. സബ്സിഡിയുടെ പരമാവധിയിൽ പരിമിതപ്പെടുത്താതെ ₹134544 സബ്സിഡി നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

3) ഗുണഭോക്താവിന്റെ വീടിന്റെ കാലപ്പഴക്കം, വിസ്തീർണ്ണം 100 ച.മീറ്ററിൽ അധികരിച്ചിട്ടില്ല എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. വാലുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. വാലുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ മേൽ തുക നൽകിയത് എങ്ങിനെ എന്ന് വ്യകതമല്ല.

5) ഗുണഭോക്താവിന് പട്ടികജാതി വികസനവകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കിട്ടിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/22-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ ₹34544 ഓഡിറ്റിൽ നിരാകരിക്കുന്നു. ₹1,00,000 തടസ്സപ്പെടുത്തുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചു പിടിക്കേണ്ടതാണ്. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതുമാണ്.

## 1-38 വി ഇ ഒ ഓഫീസിലേക്ക് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ₹44,855 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 99/23 |
| പ്രോജക്ടിന്റെ പേര് | വി ഇ ഒ ഓഫീസിലേക്ക് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹80000 – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹79895 – ബിൽ നമ്പർ 26/29-3-23. |

മേൽ പദ്ധതി പ്രകാരം വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ട് നമ്പർ 799011400003959 ലേക്ക് ₹79,895 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

1) കെൽട്രോണിന്റെ 23-03-23 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 47862 പ്രകാരം A4 മൾട്ടിഫങ്ഷൻ പ്രിന്ററിന് ₹35,040യും 23-03-23 തീയതിയിലെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 47861 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വില ₹44,855യുമാണ്. ഫയലിൽ A4 മൾട്ടിഫങ്ഷൻ പ്രിന്റർ 14-06-23ന് ഇൻസ്റ്റലേഷൻ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ ലഭ്യമായത് സംബന്ധിച്ച ക്യാഷ് ബിൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/22-7-23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതും കമ്പ്യൂട്ടർ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ കമ്പ്യൂട്ടറിന്റെ വിലയായ ₹44,855 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-

ചെലവ് തുക ₹150000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 94/23 |
| പ്രോജക്ടിന്റെ പേര് | വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ധനസഹായം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹200000 – വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹150000<br>ബിൽ നമ്പർ 28/31-03-23. |

മേൽ പദ്ധതി പ്രകാരം ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ ഹരിത മംഗല്യം ഗ്രൂപ്പിന് ₹1,50,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ടി ഗ്രൂപ്പിന് രണ്ട് ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്ന ഇരിക്കൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022 ഖ 6-5.2(4) അനുസരിച്ച് സ്വയം തൊഴിൽ വനിതകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക് എല്ലാ വിഭാഗങ്ങൾക്കും 75% (പരമാവധി 3,75,000/- രൂപ വരെ സബ്സിഡി നൽകാം). 18 മുതൽ 59 വയസ്സ് വരെയുള്ള തൊഴിൽരഹിതരായിരിക്കണം, കുറഞ്ഞത് രണ്ട് പേരെങ്കിലുമുള്ള ഗ്രൂപ്പ് ആയിരിക്കണം, വായ്പ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ് എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ആനുകൂല്യം നൽകിയ ഹരിതമാംഗല്യം ഗ്രൂപ്പ് ഏത് സംരംഭമാണ് തുടങ്ങുന്നത്, അതിന്റെ ലക്ഷ്യം, ഫണ്ട് വിവരങ്ങൾ, എന്നിവ പ്രതിപാദിക്കുന്ന പ്രൊജക്ട് റിപ്പോർട്ട്, ഗുണഭോക്താക്കൾ ഗ്രൂപ്പ് രൂപീകരിച്ചത്, രജിസ്റ്റർ ചെയ്തത് എന്നിവ സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) രണ്ടാം വാർഡ് എ ഡി എസ് ൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹരിതമംഗല്യം ഗ്രൂപ്പിന് കുടുംബശ്രീ NRLM വായ്പ അനുവദിച്ചിട്ടില്ലെന്ന സിഡിഎസ് ചെയർപേഴ്സണിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗ്രൂപ്പിന് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വയം തൊഴിലിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) സബ്സിഡി അനുവദിച്ചത് ഇരിക്കൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഫെഡറൽ ബാങ്ക്, ഇരിക്കൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 207900000141 ലേക്കാണ്. ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിന്റെ പാസ് ബുക്ക്, സബ്സിഡി ഗുണഭോക്തൃ ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

4) സംരംഭം തുടങ്ങുന്നതിന് വേണ്ടി പഞ്ചായത്തിൽ നിന്നും എടുത്ത ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

5) ഓഡിറ്റിന് സമർപ്പിച്ച സ്വയം തൊഴിലിനായുള്ള അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഹരിതമംഗല്യം ഗ്രൂപ്പ് ഉൾപ്പെട്ടതായി കാണുന്നില്ല.

6) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, നിലവിലെ പ്രവർത്തന വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/22-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹1,50,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 ഹരിത കർമ്മസേനയ്ക്ക് ക്യാരി ബാഗ് വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- ചെലവ് തുക ₹64568 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നമ്പർ | 157/23 | 161/23 | 175/23 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മസേന ഫീൽഡ് തല പ്രവർത്തനത്തിന് ക്യാരി ബാഗ് വാങ്ങൽ | ഹരിത കർമ്മസേനയ്ക്ക് കളക്ഷൻ ബാഗ് വാങ്ങൽ | ഹരിതകർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തുക |
| അടങ്കൽ | വികസന ഫണ്ട് | മറ്റ് തദ്ദേശസ്വയംഭരണ | മറ്റ് തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | (ധനകാര്യ കമ്മീഷൻ അവാർഡ്) ₹49568<br>തനത് ഫണ്ട് – ₹432 | സ്ഥാപനങ്ങളിൽ (കോർപ്പറേഷൻ) നിന്ന് ₹15000 | സ്ഥാപനങ്ങളിൽ (കോർപ്പറേഷൻ) നിന്ന് ₹15000<br>തനത് ഫണ്ട് -₹848 |
| ചെലവ് | ₹49568<br>ബിൽ നമ്പർ 18/31-3-23 | ₹ 15000<br>ബിൽ നമ്പർ 35/31-3-23 | ഇല്ല |

മേൽ പദ്ധതികൾ പ്രകാരം ഹരിതകർമ്മസേനയുടെ ഫീൽഡ്തല പ്രവർത്തനത്തിന് ക്യാരി ബാഗ് വാങ്ങി നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. അതനുസരിച്ച് 1905 ക്യാരി ബാഗുകൾ ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതായി കാണുന്നു.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പ്രൊജക്റ്റ് നമ്പർ 157/23 പ്രകാരം 1000 ക്യാരി ബാഗുകൾ വാങ്ങാനാണ് നിശ്ചയിച്ചിരുന്നത്. മറ്റ് രണ്ട് പദ്ധതികളിലും എത്ര ക്യാരി ബാഗുകൾ വാങ്ങുന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ എണ്ണം രേഖപ്പെടുത്താതെ 1905 ക്യാരി ബാഗുകൾ വാങ്ങിയതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.

2) പ്രൊജക്റ്റ് നമ്പർ 157/23 പ്രകാരം 1000 ബാഗുകൾ വാങ്ങാനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. പ്രൊജക്റ്റ് നമ്പർ 161/23 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ എത്ര ക്യാരി ബാഗുകളാണ് വാങ്ങുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ എണ്ണം വ്യക്തമായി രേഖപ്പെടുത്താത്ത സാഹചര്യത്തിൽ മേൽ കാണിച്ച മൂന്ന് പദ്ധതികളിലുമായി 1904 ഗുണഭോക്താക്കൾക്ക് ചാക്ക് വിതരണം ചെയ്യുന്നതിനായി സപ്ലൈ ഓർഡർ നൽകിയത് വ്യക്തമാക്കേണ്ടതാണ്.

3) ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്യാരി ബാഗ് ഒന്നിന് ടാക്സ് ഉൾപ്പെടെ ₹42 എന്ന് ക്വാട്ട് ചെയ്ത നിരക്കാണ് 15-12-22ലെ 6/22(2) നമ്പർ തീരുമാനമനുസരിച്ച് അംഗീകരിച്ചത്. എന്നാൽ ബിൽ നമ്പർ 18ന്റെ കൂടെ ഹാജരാക്കിയ ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ 30-01-2023 തീയതിയിലെ ഇൻവോയ്സ് നമ്പർ JE454ൽ ക്യാരിബാഗിന്റെ വില ₹50 + 18% ജി എസ് ടി എന്നാണ് കാണിച്ചിട്ടുള്ളത്. ബിൽ നമ്പർ 35ൽ സപ്പോർട്ടിങ്ങ് വൗച്ചർ സമർപ്പിച്ചിട്ടില്ല.

4) സപ്ലൈ ഓർഡറിൽ 1904 എണ്ണം സപ്ലൈ ചെയ്യാൻ ആവശ്യപ്പെട്ടിട്ടും ബില്ലിൽ 1905 എണ്ണം വാങ്ങിയതായാണ് കാണുന്നത്.

5) വാങ്ങിച്ച ക്യാരി ബാഗുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ സമർപ്പിച്ചിട്ടില്ല.

6) പ്രൊജക്റ്റ് നമ്പർ 175/23 പ്രകാരമുള്ള കോർപ്പറേഷൻ ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്നും സ്ഥാപനത്തിന് ₹42 നിരക്കിൽ നൽകാൻ ബാക്കിയുള്ള തുക നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും മറുപടി നൽകേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/26-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹64568 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ സഹിതം മറുപടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ബയോ കമ്പോസ്റ്റ് ബിൻ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹568000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 16/23 |
| പ്രോജക്റ്റിന്റെ പേര് | ബയോ കമ്പോസ്റ്റ് ബിൻ വാങ്ങൽ |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) – ₹500000<br>തനത് ഫണ്ട് – ₹11200<br>മറ്റുള്ളവ – ₹56800<br>ആകെ – ₹568000 |
| ചെലവ് | ₹568000<br>ബിൽ നമ്പർ 31/23-2-23 ₹500000 |

| | |
|---|---|
| | ബിൽ നമ്പർ 33/28-3-23 ₹11200<br>ബിൽ നമ്പർ 34/28-3-23 ₹56800<br>ആകെ – ₹568000 |

ഗാർഹിക മാലിന്യം സംസ്കരിക്കുന്നതിന് 90% സബ്സിഡിയോടെ ബയോകമ്പോസ്റ്റ് ബിന്നുകൾ വിതരണം ചെയ്യാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത് ആയതനുസരിച്ച് ശുചിത്വ മിഷൻ അംഗീകരിച്ച് സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും ഇ ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ശുചിത്വ മിഷൻ അംഗീകൃത ഏജൻസിയായ ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗികരിച്ച ബൊക്കാഷി ബക്കറ്റ് ഒന്നിന് 2840/- രൂപയാണ് ടി സ്ഥാപനം സമർപ്പിച്ച നിരക്ക് ആയതനുസരിച്ച് 200ബൊക്കാഷി ബക്കറ്റ് വിതരണം ചെയ്യുന്നതിനായി 16-12-22-ന് സപ്ളൈ ഓർഡർ നൽകുകയും ചെയ്തു പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസിന്റെ ഇൻവോയ്സ് നമ്പർ 03726/22-23 Dt.14-2-23 അനുസരിച്ച് 200 ബൊക്കാഷി ബക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

